ലിറ്റിൽ കൈറ്റ്സ്
2018-19

# ഡിജിറ്റൽ കൈരളി

## സി സി പി എൽ എം

### ആംഗ്ലോ-ഇന്ത്യൻ ഹയർ സെക്കണ്ടറി സ്കൂൾ

# ഉള്ളടക്കം


1. ചീഫ് എഡിറ്റർ ____ 5-6
2. ഓർമ്മയ്ക്കായ് ____ 7
3. സ്റ്റാഫ് എഡിറ്റർ. ____ 8
4. സ്റ്റുഡന്റ് എഡിറ്റർ ____ 9
5. Editorial ____ 10
6. വിസ്മയക്കാഴ്ചകളുടെ തിരശ്ശീലയ്ക്കു പിന്നിൽ ____ 11
7. നിഴൽ ജീവിതം ____ 12
8. എന്റെ വിദ്യാലയം ____ 13
9. ലിറ്റിൽ കൈറ്റ്സ് 2018-19 ____ 14
10. ലിറ്റിൽ കൈറ്റ്സ് സാരഥികൾ ____ 15
11. പ്രിയങ്കരനായ വിദ്യാർത്ഥി നായകൻ ____ 16
12. അനന്തന പിന്തുണയായി അലീനയും ____ 17
13. ഗുൽമോഹർ ____ 18-19
14. നടനവിസ്മയം ____ 20-21
15. നിറക്കൂട്ടുകളുടെ രാജകുമാരൻ ____ 22-23
16. Scout and guides ____ 24-26
17. കോട മഞ്ഞിലൂടെ

വൃന്ദാവനത്തിലൂടെ

കുടകിന്റെ കുളിരു തേടി________ 27-28

19. ഞാനും...__________________________ 29-31

20. കലർന്ന നിഴികൾ____________________ 32-33

21. പ്രകൃതി തൻ മന്ദഹാസം______________ 34-35

22. നമുക്ക് ജീവിക്കാം____________________ 36-37

23. പ്ലാസ്റ്റിക്ക് നാട്_______________________ 38

24. പൂവണിയുന്ന സൗഹൃദങ്ങളിലേക്ക്

മൈസൂർ കൂർഗ് കാഴ്ചകളിലേക്ക്______ 39-43

25. ഭൂമിക്കു ഭീഷണിയായി__________________ 44-47

26. മണ്ണിന്റെ മക്കൾ______________________ 48

27. മണ്ണിൽ വീഴാതിരുന്ന മഴത്തുള്ളി_________ 49

28. പാഴ് വസ്തു ശേഖരണവും മാലിന്യ

സംസ്കരണവും______________ 50-51

29. മാമ്പഴക്കാലത്തിന്റെ

വേനൽ സ്മരണ______________ 52-53

30. ജനനീതി___________________________ 54-58

31. തൊട്ടാവാടി_________________________ 59

32. പാഴ് വസ്തു ശേഖരണം ഒരാമുഖം_________ 60

33. MATHEMATICAL

RHYMES______________ 61

34. ഖരമാലിന്യ സംസ്കരണവും
പുന ചംക്രമണവും__________ 62-63
35. മാലിന്യ സംസ്കരണവും
നവകേരളവും_____________ 64-65
36. കടലാസു പൂക്കളുടെ
വിസ്മയക്കാഴ്ചകളും_______________ 66
37. വിരൽ തുമ്പിലെ
വിസ്മയവും___________________ 66
38. MATHEMATICAL FUN_________ 67
39. ഉന്നതവിജയത്തിന്റെ
നക്ഷത്രത്തിളക്കവുമായി___________ 68-69
40. ദേവനാഗിരി ലിപിയിലെ
സംസ്കൃതീയങ്ങൾ
സംസ്കൃതോത്സവം
കലാ-പ്രതിഭകൾ_________ 70
*42. വിദ്യാരംഗം കലാ-*
സാഹിത്യവേദി-സർഗ്ഗ
വിസ്മയം തീർത്ത
കലാ-പ്രതിഭകൾ___________ 71
*43. ഉർവ്വരതയുടെ സംഗീതം*
*- മണ്ണിനെ പ്രണയിച്ച് മക്കൾ__________ 7 2*

# ചീഫ് എഡിറ്റർ ...



മെറീന ഇവോൺ(ഹെഡ്മിസ്ട്രസ്സ്)

ഇവിടെയുണ്ട് ഞാനെന്നറിയിക്കുവാൻ
മധുരമായൊരു കൂവൽ മാത്രം മതി
ഇവിടെയുണ്ടായിരുന്നെന്നതിന്നൊരു
വെറും തൂവൽ താഴെയിട്ടാൽ മതി
ഇനിയുണ്ടാകുമെന്നതിൻ സാക്ഷ്യമായ്
അടയിരുന്നതിൻ ചൂട് മാത്രം മതി
ഇതിലുമേറെ ലളിതമായെങ്ങനെ
കിളികളാവിഷ്കരിക്കുന്നു ജീവനെ

ലളിതം - പി പി രാമചന്ദ്രൻ

ഉള്ളിൽ അസാദ്ധ്യ വിസ്മയങ്ങളുമായാണ് നമ്മൾ ജനിക്കുന്നത്. അതിനെ ജ്വലിപ്പിച്ചെടുക്കേണ്ടവർ നമ്മൾ തന്നെയാണ്. ഉപയോഗിക്കാതിരുന്നാൽ ഇരുമ്പുംതുരുമ്പെടുക്കും. നമ്മുടെ കഴിവുകളും അതുപോലെ തന്നെയാണ്. നമ്മളിൽ അന്തർലീനമായ കഴിവുകൾ അത്തരത്തിൽ ജ്വലിപ്പിക്കുവാനുതകുന്നതാവണം ഓരോ പുസ്തകവും. അത് സൗന്ദര്യത്തെയായാലും ആശയത്തെയായാലും.

പ്ലാസ്റ്റിക്ക് വിമുക്ത സ്വപ്ന വിദ്യാലയമെന്ന കാഴ്ചപ്പാട് മുന്നോട്ട് വയ്ക്കുന്ന ആദർശലോകം വരച്ചു തീർത്ത എല്ലാ രചനകളേയും അഭിനന്ദിക്കുന്നു.സരസ്വതീ ക്ഷേത്രമാകുന്ന വിദ്യാലയത്തിൽ നമ്മൾ സഞ്ചരിക്കുന്ന വഴികളിൽ വെളിച്ചമായി കാവൽക്കാരനായി ആശയങ്ങൾക്ക് പ്രചോദനവും വാക്കുകൾക്ക് ഊർജ്ജവുമായി അന്തരാത്മാവിൽ കുടികൊള്ളുന്ന അസാദ്ധ്യമായ ആ പരം ശക്തി നമ്മെ നയിക്കും.

വരും വർഷങ്ങളിൽ ഒന്നിനൊന്നു മികവുറ്റ ഡിജിറ്റൽ വിസ്മയങ്ങൾ നമുക്ക് ഒരുക്കുവാൻ സാധിക്കട്ടെ.

എല്ലാ വിധ ഭാവുകങ്ങളും ആശംസകളും

പ്രാർത്ഥനകളും...

# ഓർമ്മയ്ക്കായ്...


In Loving Memory
God saw her getting tired, and a cure was not to be. So he put his arms around her and whispered, "Come to Me".
MAUREEN NORONHA

# സ്റ്റാഫ് എഡിറ്റർ...



**മിന്നാമിനുങ്ങിന്റെ**
**താഴ്വരകളിലേക്ക്**
**കാറ്റിന്റെ തൂവൽച്ചിറകേറി**
**വരൂ, നമുക്കൊരു യാത്ര**
**പോവാം,**
**അവിടെയാണ് വെളിച്ചത്തിന്റെ**
**അസ്തമിക്കാനിഷ്ടമില്ലാത്ത**
**അത്ഭുത ലോകമുള്ളത്!**

# സ്റ്റുഡന്റ് എഡിറ്റർ

## A Sky full of stars



Cause you're a
sky,'cause you
are a sky full
of stars
I'm gonna give
you my heart
'Cause you are
sky,'cause you
are a sky full
of stars
'Cause you
light up the
path

I don't are,go on and  tear me apart
I don't care if you do ooh ooh
'Cause in a sky,'cause in a sky full of stars
I think i saw you

'Cause you are sky,'cause you are a sky full of stars
Such a heavenly view
You're such a heavenly view

- Abel Job

# Editorial

*"**Education is the learning of facts; but the training of the mind to think.**" Its from Albert Einstein who explored facts,...facts and facts. Training of the mind is nurturing the creativity too and touching the heart. Learning minds*



*entertain thoughts and thoughts the food of creativity. The students of **CCPLM Anglo Indian Higher Secondary School** try to entertain, amuse and thus envision all how the world tomorrow will be, with their budding art, nourishing thoughts, positive attitude and ever earnest efforts.*

***- BEENA-***

(higher secondary teacher)

# വിസ്മയക്കാഴ്ചകളുടെ തിരശ്ശീലയ്ക്കു പിന്നിൽ...



# നിഴൽ ജീവിതം



ഇരുളിൻ നിഴലിൽ
ഇടതടവില്ലാതെ
വിടർന്നു കൊഴിയുന്ന
ഒരേകാന്ത താരകം.
വിരഹതാപം
വിതുമ്പി നില്ക്കും പ്രപഞ്ചം
മുഖംപൊത്തി നില്ക്കും രാത്രി
സങ്കടം കുടിച്ചു തീർത്ത
കടലു പോലെ ആകാശം
താഴെ ഒന്നുമറിയാത്തതു പോലെ
ശാന്തമായൊഴുകുന്ന പുഴ!

-ലക്ഷ്മി സിമേന്തി
അദ്ധ്യാപക പ്രതിനിധി

# എന്റെ വിദ്യാലയം...




മറ്റുള്ളവർക്കിത് വെറുമൊരു കെട്ടിടസമുച്ചയമാവാം.പക്ഷേ ഞങ്ങൾക്കിത് വീടാണ്,സ്വപ്നമാണ്, ജീവിതമാണ്...

# ലിറ്റിൽ കൈറ്റ്സ് 2018-19



## ചിത്രശലഭങ്ങളുടെ താഴ്വരയിലേക്ക്

## സ്വാഗതം...

# ലിറ്റിൽ കൈറ്റ്സ് സാരഥികൾ...



കൈറ്റ് മാസ്റ്റർ

അനൂപ്

കൈറ്റ് മിസ്ട്രസ്സ്

കാരൾ



# പ്രിയങ്കരനായ വിദ്യാർത്ഥി നായകൻ...



കൂട്ടായ്മയുടെ അമ്മത്തണലിൽ
മലയാണ്മയുടെ അനന്ത
വിഹായസ്സിൽ
ചില്ലുജാലകം തീർത്ത
ആകാശ വിസ്മങ്ങളിലേക്ക്
ഭാവനയുടെ ചിറകിലേറി
പറക്കുമ്പോൾ,
ഭൂമിയിലും ആകാശത്തും
വിത്തെറിഞ്ഞ് ചിറകു വിരിച്ച്
നാടറിഞ്ഞ് കാടറിഞ്ഞ്

**നമ്മൾ...**

**- അനന്തകൃഷ്ണൻ എം എസ്( സ്കൂൾ ലീഡർ )**

# അനന്തനു പിന്തുണയായി അലീനയും...



SCHOOL MEMORIES
NEVER FADE.....

First day we stepped into a school was great,
we learned new, we played, we prayed, we ate :
Little memories add upto a big one,
we stayed and stood as one,
Best days of life passing by.

Group photos, annual day, silly fights,
lovable journeys and teachers.
Passed the life with a lot new friends,
Now they are like siblings god forgot to give,

Best 10 years of life passing by,
Enjoy and make moments of days coming by

(അസിസ്റ്റന്റ് ലീഡർ)

# ഗുൽമോഹർ



ഏകാന്ത വഴികളിൽ പകൽ
മരിച്ചുവീഴുന്ന സന്ധ്യകളിൽ
വാടി വീണ ഗുൽമോഹർ...
നിനന്റെ കടും ചുവപ്പു മോഹങ്ങൾ...

നിന്റെ വിരഹം പേറി
മിഴിനീരാൽ
നനഞ്ഞ് നിൽക്കുമ്പോൾ
ഒരുമുറിവായി
ഓർമ്മയിലൊരു കാത്തിരുപ്പിന്റെ
കരളുറഞ്ഞ നിറമാണോ
നിന്റെ ചുവപ്പ്!


തണുത്ത വിഷാദങ്ങളുടെ
ആഴങ്ങളിലേക്ക്,
ചില ഒറ്റപ്പെടലുകളുടെ
ഏകാന്ത വഴികളിൽ
വീണ്ടും എന്റെ കാത്തിരുപ്പിന്റെ
പകലുകൾ മരിച്ചു വീഴുന്നു.



*- മാധവ് എ എസ്*

# നടന വിസ്മയം...

ആനന്ദ് സി എസ്.ഇടക്കൊച്ചി സ്വദേശിയും ബി എസ് എൻ എൽ ജീവനക്കാരനമായ ഷാജി എൻ ആറിന്റേയും സിന്ധു എം എസ്സിന്റേയും ഇളയ പുത്രൻ.ചേച്ചി അനശ്രീ സി എസ് ബി എ ഇക്കണോമിക്സിന പഠിക്കുന്നു.തണലായി അമ്മൂമ്മയും.അമ്മയുടേയും ചേച്ചിയുടേയും പിന്തുണയും അച്ഛന്റെ സ്ഥിരപ്രയത്നവും ആനന്ദിനെ അരങ്ങിൽ നിറഞ്ഞു നില്ക്കുന്ന വിസ്മയ പ്രതിഭയാക്കി.






ഒന്നാം ക്ലാസ്സ് മുതൽ നൃത്തത്തെ നോക്കി നോക്കിയിരുന്ന് ഉപാസിച്ച് വശപ്പെടുത്തിയ അനന്തനെ ഞങ്ങൾ സി സിപിഎൽഎം സ്കൂളിന്റെ അഭിമാനമായി കിട്ടുന്നത് ആറാം ക്ലാസ്സിൽ വച്ചാണ്.ആനന്ദ നടനത്തിന്റെ അത്ഭുത വിസ്മയങ്ങൾ അവസാനിക്കുന്നേയില്ല.

അതിലോലമെൻ
ഇടനാഴിയിൽ
നിൻകള മധുരമാം
കാലൊച്ച.....







# നിറക്കൂട്ടുകളുടെ രാജകുമാരൻ...



ചിത്ര ലോകത്തെ തിളങ്ങുന്ന നക്ഷത്രം.നിറക്കൂട്ടുകൾ കൊണ്ട് വർണ്ണ പ്രപഞ്ചം തീർക്കുന്നവൻ.നിറങ്ങളുടെ മായക്കാഴ്ചകളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്ന കുട്ടിത്തം.സ്നേഹമായ്,നിറമായ്,നിലാവായ് ഉള്ളിൽ ചിത്ര ലോകത്തെ എന്നും എപ്പോഴും കൂടെ കരുതുന്ന വൻ.




Adhin


By Adhin
Ashok



# SCOUT AND GUIDES






KERALA STATE BHARAT
DISTRICT ASSOCIATION
CHIEF PATRON -THE PRESIDENT OF INDIA
PATRON
HON'BLE GOVERNOR OF KERALA
PRESIDENT
HON'BLE MINISTER OF EDUCATION
SWIN




MOOTHEDAN
POOLS
SALES
SERVICE
SPARES
CRORE STEPS



# കോട മഞ്ഞിലൂടെ...

# വൃന്ദാവനത്തിലൂടെ....



# കുടകിന്റെ കുളിരു തേടി....

2018-19 അദ്ധ്യയന വർഷം പത്താം ക്ലാസ്സ് കുട്ടികൾ പുത്തനുണർവ്വോടെ പഠനമാരംഭിച്ചപ്പോഴും മുൻ വർഷങ്ങളിലെ കുട്ടികളുടെ പഠനയാത്രാ വിവരണങ്ങളുടെ സുന്ദര ചിത്രം അവരുടെ മനസ്സിൽ നിറഞ്ഞു നിന്നിരുന്നു.അതു കൊണ്ടു തന്നെ ജൂൺ മാസം കഴിഞ്ഞപ്പോൾ മുതൽ കുട്ടികൾ യാത്രയെക്കുറിച്ച് ചോദിച്ചുതുടങ്ങി.ആഗസ്റ്റുമാസത്തിൽ മൈസൂർ,കൂർഗ് എന്നിവിടങ്ങളിലേക്ക് പോകാൻ തീരുമാനിച്ചെങ്കിലും പ്രളയദുരന്തം ആ തീരുമാനത്തെ മാറ്റി മറിച്ചു. എല്ലാം ശാന്തമായപ്പോൾ വീണ്ടും കുട്ടികൾക്ക് ആവേശമായി. അതേ സ്ഥലം വീണ്ടും തീരുമാനിക്കുകയായിരുന്നു.

യാത്ര ആരംഭിച്ചപ്പോൾ മുതൽ കുട്ടികൾ ആകാംക്ഷയിലും ആവേശത്തിലുമായിരുന്നു. സത്യമംഗലം വഴിയായുള്ള യാത്ര നഗരവാസികളായ കുട്ടികൾക്ക് ഒരനുഭവം തന്നെയായിരുന്നു.മൈസൂരിൽ സെന്റ് ഫിലോമിനാസ് പള്ളിയും ടിപ്പുവിന്റെ സമ്മർ പാലസ്സും മൃഗശാലയും ഒക്കെ കണ്ട്

അവർ കാത്തിരുന്ന വൃന്ദാവനത്തിലെത്തി.അവിടുത്തെ കാഴ്ചകളും മ്യൂസിക്കൽ ഫൗണ്ടനുമെല്ലാം  അവരെ ആഹ്ലാദിപ്പിച്ചു.

അടുത്ത സൂര്യോദയത്തിൽ കൂർഗ് ലക്ഷ്യമാക്കി യാത്ര തുടങ്ങി.അവിടെ എത്താറായപ്പോൾ കണ്ട തടാകത്തിലെ മത്സ്യങ്ങൾ അവർക്കു ഭക്ഷണം കൊടുക്കാൻ കിട്ടിയ അവസരങ്ങൾ ഇതൊക്കെ പ്രകൃതിയോടുള്ളകുട്ടികളുടെ ആഭിമുഖ്യം വളർത്താനുപകരിച്ചു.സുവർണ്ണ ക്ഷേത്രമെത്തിയപ്പോൾ നേപ്പാളിലാണോ എത്തിയതെന്ന തോന്നലായിരുന്നു കുട്ടികൾക്ക്.ബാംബൂ ഫോറസ്റ്റിൽ കയറിയപ്പോൾ അവർ തങ്ങളെത്തന്നെ മറന്ന് നഗരത്തിന്റെ നാട്യമില്ലാത്ത കാടിന്റെ സൗന്ദര്യം നുണഞ്ഞു.എത്ര കണ്ടിട്ടും മതിവരാത്ത അവർ മറ്റൊരിടവും ഇനി കാണണ്ട ഇതു മതിയെന്ന അവസ്ഥയിലായിരുന്നു.എങ്കിലും ഹാരംഗി ഡാമും ചിക്കി ഹോൾ ഡാമും ഒക്കെ കണ്ട് മടക്കയാത്ര ആരംഭിച്ചു.തിരികെ വിദ്യാലയത്തിലെത്തിയപ്പോൾ യാത്ര അവസാനിപ്പിച്ചതിലുള്ള ദുഃഖമായിരുന്നു ഓരോ മുഖത്തും കാണാൻ കഴിഞ്ഞത്.

**എൽസമ്മ സെബാസ്റ്റ്യൻ**
**അദ്ധ്യാപിക**

# ഞാനും...




## ഷോർട്ട് ഫിലിം - സിംല കാസിം എ
## സ്കൂൾ എസ് ആർ ജി കൺവീനർ

ഞാനും നിങ്ങളും ഒരുമിക്കുമ്പോൾ നമ്മളാവുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെ ആസ്പദമാക്കി സംവിധാനം ചെയ്ത **ഞാനും** എന്ന ഷോർട്ട് ഫിലിം അതു തന്നെയാണ് നിങ്ങളോട് പറയുന്നത്.

അതെ,ഞാനും നിങ്ങളും ഒരുമിക്കുമ്പോൾ നമ്മളാവുന്നു...

ഏതൊക്കെയോ സാഹചര്യങ്ങൾ കൊണ്ട് ജീവിതത്തിന്റെ ഇരുണ്ട മൂലയിലേക്ക് മാറ്റി നിർത്തപ്പെടുന്ന ചില ജന്മങ്ങൾ. ഞാനോ നിങ്ങളോ ഒന്നു കൈപിടിച്ചുയർത്തിയാൽ നമ്മുടെ ഒരു സാന്ത്വനം കൊണ്ട് ഒരു കൈത്താങ്ങുകൊണ്ട് ജീവിതത്തിന്റെ പുതുവഴികളിലേക്ക് പുത്തൻ പ്രതീക്ഷകളിലേക്ക് അവരെ കൈപിടിച്ചുയർത്താനാകും.

മലയാളത്തിളക്കം പരിശീലന പരിപാടിയിലൂടെ ജീവിതത്തിന്റെ തിളക്കമുള്ള നക്ഷത്രമാകാൻ അവൾക്ക് കഴിഞ്ഞു. അങ്ങനെ ജീവിതത്തിൽ ഒരു പുത്തൻ പ്രതീക്ഷ പകർന്നു കിട്ടിയ ഒരു അമ്മയുടേയും മകളുടേയും കഥ.

ഇങ്ങനെയുള്ള ഒരുപാട് അമ്മമാരും മക്കളും നമ്മുടെ സമൂഹത്തിലുണ്ട്. അവരെയെല്ലാം കൈപിടിച്ചുയർത്താൻ നമുക്ക് ഓരോരുത്തർക്കും ശ്രമിക്കാം.കെ.ജി.ശങ്കരപ്പിള്ള പറഞ്ഞിട്ടുണ്ട്

"ആളുകൾ കണ്ടു കണ്ടാണ്

കടലിത്ര വലുതായതെ"ന്ന്.

കണ്ടു കണ്ട് പ്രതീക്ഷയുടെ സ്നേഹത്തിന്റെ സാന്ത്വനത്തിന്റെ കടൽ നമുക്കും വലുതാക്കാം.



**-സിംല കാസിം**

# കലർന്ന മിഴികൾ

മലനാട്ടിലുണ്ടൊരഭിശാപമേ
അമ്മതൻ മടിതട്ടിൽ ഉറങ്ങാതെയീ
നെല്ലിളം തട്ടിൽ മയക്കം കലർന്നൊരു
ചിത്ത്രാന്ധമെന്നേ കാണുന്ന മനുഷ്യരും
പുരുഷാധരം ചെയ്ത വാക്കിന്റെ താളത്തെ
വൃത്താഭമായി മാറ്റിവയ്ക്കുന്ന ഞാൻ.....

ലളിതഹരിത ബിന്ദുവാം നാട്
മലിനമായി സോദരരേ!
പാപനാശിനികളാകും
പുഴകളെങ്ങും അപവിത്രമായി
മാറുന്ന കൺമുന്നിൽ
ഒന്നിനു മീതേ മറ്റൊന്നായി
പാപമെത്തുന്ന മനുഷ്യരിലേക്കും!

ഒന്നിച്ച കൈകോർക്കാം ഈ നാടിനുവേണ്ടി
തന്റെ കുടുംബത്തിൽ മാത്രമായ് ചുരുടാതെ,
പക്ഷികളെപ്പോലെ പാറിപ്പറന്ന്
തൻെ ഗീതം എങ്ങും എത്തിടട്ടെ

ലളിതഹരിത ബിന്ദുവാം നാട്
മലിനമായി സോദരരെ...
ചവിട്ടടിപ്പാതകളിൽ വെന്തുവെണ്ണീറായിട്ടും
സ്ത്രീ ജന്മങ്ങളെക്കാണുമ്പോൾ

അമ്മേ നിന്നെ ഞാൻ ഓർക്കുന്നു...
എങ്ങും നിശ്ചലമായിരിക്കയില്ലെങ്കിലും
ഉറച്ച പാറ നീ, അമലേ
ചിത്തബിംബത്തെ അഴലാർന്നു നീക്കുന്ന
ഓരോ യൗവ്വനവും
മനോഹര ജീവിതങ്ങളുമാക്കുന്നു.

മലനാട്ടിലുണ്ടൊരഭിശാപമേ
അമ്മതൻ  മടിത്തട്ടിൽ ഉറങ്ങാതെയീ
നെല്ലിളം തട്ടിൽ മയക്കം കലർന്നൊരു
ചിത്ത്രാന്ധമെന്നേ കാണുന്നു മനുഷ്യർ നാം.....

മാധവ് എസ്
**9 E**



# പ്രകൃതി തൻ മന്ദഹാസം

എന്നമ്മയാം പ്രകൃതി നൽകും അനുഗ്രഹം ഹാ
മനോഹരം!
മഴതൻ മുത്തുമണികൾ ചിന്നിച്ചിതറി വീഴും സൗന്ദര്യം,
പുതുമണ്ണിൻ മണം എൻ മനസ്സിനു കുളിരേകി
പാറിപ്പറക്കും കിളികളെനിക്കു ചുറ്റും,
മനസ്സിൻ ജാലകം തുറന്നു ഞാൻ നോക്കി.
കടലമ്മ പാടിയ പാട്ടിന്റെ ഈണം ഞാനും ഏറ്റുപാടി.
എന്നാൽ ഈ ലോകത്തിൽ വസിക്കും നാം എത്ര
സ്വാർത്ഥർ!
പ്രകൃതിയുടെ സൗന്ദര്യം ഓരോന്നായി നശിപ്പിച്ച് തുടങ്ങി
നാം!
ഫ്ലാറ്റുകൾ കെട്ടിപ്പൊക്കിയും ഈ നാടിന്റെ പച്ചപ്പ് വെട്ടി
മാറ്റിയും,
ഫാക്ടറികൾ ഒഴുക്കിയ രാസപദാർത്ഥങ്ങൾ
പുഴയുടെ മരണവേദന കേൾക്കുമാറാക്കി.
പ്ലാസ്റ്റിക്ക് മാലിന്യം മണ്ണിനെ മരണത്തിന്റെ വക്കിൽ
കൊണ്ടുചെന്നെത്തിച്ചിരിക്കുന്നു.
ഒടുക്കം പ്രകൃതി ക്ഷോഭിച്ചു,
കൊടുക്കാറ്റടിച്ചലകൾ ഉയർന്നു,
നാടാകെ പ്രളയ ഭീതിയിൽ പിടഞ്ഞു,
നാടാകെ നശിച്ചു, നാട്ടുകാർ കൈകോർത്തു,

**തങ്ങൾ തൻ തെറ്റ് മനസ്സിലാക്കിയവർ**
**തന്റെ നാടിന്റെ നന്മയ്ക്കായ് പ്രവർത്തിച്ചു.**
**മാലിന്യങ്ങൾ എല്ലാം സംസ്കരിച്ചു,**
**അവർ നാടിന്റെ സൗന്ദര്യം കാത്തുസൂക്ഷിച്ചു,**
**പ്രകൃതി മന്ദഹസിച്ചു...............**

*ട്രീസ സാനിയ*
*പത്താം ക്ലാസ്സ് ഇ*

# നമുക്ക് ജീവിക്കാം

ഇന്ന് കേരളം അനുഭവിക്കുന്ന അതിതീവ്രമായ പ്രശ്നമാണ് മാലിന്യ നിർമാർജനം.ലോകത്തിന്റെ ഉറവയായ തടാകങ്ങളും കുളങ്ങളും പുഴകളും ഇതിനോടകം മലിനമായി കഴിഞ്ഞിരിക്കുന്നു. ഇന്നത്തെ ജലാശയങ്ങളെ നമുക്ക് coca cola പുഴകളെന്ന് വിളിക്കാൻ സാധിക്കുന്നതാണ് മനുഷ്യൻ തന്റെ അത്യാഗ്രഹം മൂലം പ്രകൃതിയെ കാർന്ന് തിന്നുകയാണ്. സമൂഹം ഭൂമിയോളം താഴ്ന്നതിന് പകരം ഭൂമിയുടെ രക്തമായ ജലാശയങ്ങളെയും അതിൽ വസി ക്കുന്ന ഒരോ ജീവജാലങ്ങളെയും മനുഷ്യൻ ചൂഷണം ചെയ്യുന്നു.

ഇന്നത്തെ പുതിയ സമൂഹത്തിന്റെ ഏറ്റവും വലിയ കടമയിൽ ഒന്നാണ് മാലിന്യനിർമാർജനം.പ്ലാസ്റ്റിക്ക് തുടങ്ങിയ രാസവസ്തുകളുടെയും നിയന്ത്രണവും പുനരുപയോഗവും ആസൂത്രണം ചെയ്യപ്പെടേണ്ടതാണ്. ഒരു നല്ല ജനതയുടെ ഉത്തരവാദിത്വം,അമ്മയെപ്പോലെ തന്റെ നാടിനെയും രാജ്യത്തെയും സംരക്ഷിക്കുക എന്നതാണ്. ജൈവ മാലിന്യങ്ങളെ വിട്ടിൽ തന്നെ സംസ്കരിക്കാൻ biogas plant ഉപയോഗിക്കാം. അതിൽ

നിന്നും ലഭിക്കുന്ന അവിശിഷ്ടങ്ങൾ [slurry]ചെടികൾക്ക് വളമായി ഉപയോഗിക്കാം. അങ്ങനെ നമ്മുക്ക് നമ്മുടെ ചുറ്റുപാടുമുള്ള മാലിന്യങ്ങളെ സംസ്കരിക്കാവുന്നതാണ്. അപകടകരമായ മാലിന്യ വസ്തുകൾ[E-waste]നമ്മുടെ ചുറ്റുപാടിലേക്ക് അനാവശ്യമായി വലിച്ചെറിയാതെ അവയെ **Recycling centre** ലേക്ക് കൊണ്ടുപൊകാവുന്നതാണ്.

**paper,plastic** മുതലായവ ജലാശയങ്ങളിലേക്ക് ഇടുകയോ കത്തിക്കുകയോ ചെയ്യുന്നത് നമുക്കും പ്രകൃതിക്കും ദോഷമാണ്. അതു കൊണ്ട് സ്കൂൾ വിദ്യാർത്ഥി എന്ന നിലയിൽ ബോധവത്കരണ ക്ലാസുകൾ സ്കൂളുകളിലും പൊതു സമൂഹങ്ങളിലും എത്തിക്കാൻ നാം ബാധ്യസ്ഥരാണ്.അതിനായിനമ്മൾ മുന്നിട്ടിറങ്ങണം.പ്രകൃതി അമ്മയാണെന്ന ഉത്തമ ബോധ്യത്തിൽ നമുക്ക് വളരാം.

# പ്ലാസ്റ്റിക്ക് നാട്



എങ്ങും പ്ലാസ്റ്റിക്കു
കൂമ്പാരത്താൽ മലിനമെൻ
നാട്
അതിനാലെനിക്കു
കൗതുകം വിളിക്കുവാൻ
പ്ലാസ്റ്റിക്ക് നാട് എന്റെ
നാട്

കേരവൃക്ഷങ്ങൾ നാട്ടിലെങ്ങും....
വരണ്ടുണങ്ങി പലായനം ചെയ്തിടവേ....
മരങ്ങളേ ചെടികളേ താലോലിക്കും കൈയ്യുകളേ
അൽപം ജീവനേകൂ എൻ നാടിന്.....

കാട്ടു തൈമാവിന്റെ ഗന്ധം മറഞ്ഞും
പ്ലാസ്റ്റിക്കു കരിയുന്ന ഗന്ധം നിറഞ്ഞും
എന്റെ നാട് പ്ലാസ്റ്റിക്ക്
എന്ന തീരാവ്യാധിക്കടിമയുമായി.

ഉണരൂ ഉണരൂ മാനവരേ.....
ഉണരൂ..ഉണരൂ..സോദരരേ....
കേരള സോദരരേ....

# പൂവണിയുന്ന സൗഹൃദങ്ങളിലേക്ക്...

# മൈസൂർ കൂർഗ് കാഴ്ചകളിലേക്ക്...

2018 നവംബർ 14 ാം തീയതി ഇന്ത്യയൊട്ടാകെ ശിശുദിനം ആഘോഷിക്കുന്ന ദിനത്തിൽ ഞങ്ങൾ 10- ാം ക്ലാസ്സുകാർക്ക് ഒരു പ്രത്യേക സന്തോഷമായിരുന്നു. ഒരു ശുഭദിനത്തിൽ മറ്റൊരു മനോഹര ദിനംഞങ്ങളുടെ ഈ സ്കൂൾ ജീവിതത്തിലെ അവസാനത്തെ വിനോദയാത്ര.സന്തോഷം അലതല്ലുന്ന നിമിഷങ്ങൾ. സ്കൂളിൽ നിന്ന് 5:30 യോടെ ആഹ്ലാദിച്ചും തിമിർത്തും തുടങ്ങിയ യാത്ര നഗരവാസികളായ ഞങ്ങളിൽ ഒരു വലിയ അനുഭവമാണു സൃഷ്ടിച്ചത്. ഇതുവരെ കാണാത്ത കാഴ്ചകളിലൂടെയും വ്യത്യസ്തമായ അനുഭവങ്ങളിലൂടെയും ഓരോ വിദ്യാർഥിയുടെയും മനസ്സ് നടന്നുനീങ്ങുകയാണ്.ഇടയ്ക്ക് ഞങ്ങളുടെ മനസ്സുകൾ ഉറക്കത്തിലേക്ക് വഴുതി വീണു.പതുക്കെ എറണാകുളത്തിന്റെ ചൂടിന്റെ കാഠിന്യത്തിൽ നിന്നും മനസ്സ് പുതക്കുന്ന തണുപ്പിലേക്ക് യാത്ര നീങ്ങുന്നു,പതിയെ പതിയെ.പെട്ടെന്ന് ഞങ്ങൾ ഞെട്ടി ഉണർന്നു. വണ്ടി ചുരം കയറുകയായിരുന്നു. ഏതോ വിഷാദത്തിലേക്ക് നീങ്ങുന്നതു പോലെ എല്ലാവരും അത്ഭുതപ്പെട്ടു. ഒന്ന് ഏന്തി

വലിഞ്ഞുനോക്കിയപ്പോൾ കാടിന്റെ സൗന്ദര്യവും പേടിയും നിഗൂഢതയും ഞങ്ങളെ വലയം ചെയ്തു.കണ്ണ ചിമ്മാതെ കാടിന്റെ സൗന്ദര്യവും മൃഗങ്ങളുടെ വരവും ഞങ്ങൾ കാത്തിരുന്നു.

പൂക്കളുടെ വസന്തവും കുളിരണിയിക്കുന്ന കാറ്റും ഞങ്ങളെ മൈസൂരിന്റെ സുപ്രഭാതത്തിലേക്ക് സ്വാഗതം ചെയ്തു. ഞങ്ങളുടെ ആദ്യത്തെ ദിനത്തിന്റെ ആരംഭം കുറിച്ചു. എറണാകുളത്തു നിന്ന് വ്യത്യസ്തമായ ഒരു അന്തരീക്ഷമാണ് ഞങ്ങൾക്കനുഭവപ്പെട്ടത്. ഒരു വിശുദ്ധമായ തുടക്കത്തിനു വേണ്ടി സെന്റ് ഫിലോമിനാസ് പള്ളിയിലേക്ക് ഞങ്ങൾ യാത്രയായി.കേരളത്തിൽ നിന്നും വ്യത്യസ്തമായി മരത്തണലിൽ സഞ്ചാരികളെ കാത്തു നില്ക്കുന്ന കുതിര വണ്ടികളും വ്യാപാരികളും.അവരിലേക്കായി പിന്നെ എല്ലാവരുടേയും ശ്രദ്ധ. മാനം മുട്ടുന്ന ആ മനോഹരമായ ദേവാലയത്തിന്റെ മുന്നിൽ അമ്പരന്നു നിന്ന ഞങ്ങൾ അതിന്റെ ഭംഗി ആസ്വദിച്ച് നിശ്ശബ്ദമായി പ്രാർത്ഥിച്ചതിനു ശേഷം അതിമനോഹരമായ രാജസദസ്സിലേക്ക് യാത്ര ആരംഭിച്ചു.ഏക്കറുകളോളം നീണ്ടു കിടക്കുന്ന കൊട്ടാരം അതിനു സമീപമുള്ള ക്ഷേത്രം ദർശ്ശിക്കാൻ വിദേശികളുടെ വലിയ ഒരു കൂട്ടം തന്നെയുണ്ടായിരുന്നു.മൈസൂരിൽ പിന്നീട് ഞങ്ങൾ കണ്ടത് എല്ലാവരും അറിയുന്ന മൃഗശാലയായിരുന്നു.ഇതു വരെ നമ്മൾ കാണാത്തതും ലോകത്തില്ലെന്ന്

കരുതിയ മൃഗങ്ങളും പക്ഷികളും എല്ലാവരേയും കൗതുകം കൊള്ളിച്ചു.ക്ഷമയോടെ തന്നെ എല്ലാവരും കുറേ ദൂരം സഞ്ചരിച്ചു കൊണ്ടു തന്നെ കാഴ്ചയിലുപരി അറിവിന്റെ ജാലകത്തിലേക്ക് കടന്നു ചെന്നു. ചരിത്രത്തിന്റെ ആഴങ്ങളി ലേക്ക് മയങ്ങിയ ഞങ്ങൾക്ക് ടിപ്പുവിന്റെ കോട്ട വിസ്മയലോകം സൃഷ്ടിക്കുകയായിരുന്നു.അധികം വൈകാതെ മൈസൂരിന്റെ വർണ്ണസുരഭിലമായ പൂന്തോട്ടം - വൃന്ദാവൻ - ഞങ്ങളെ ക്ഷണിച്ചു. അണക്കെട്ടിനോട് ചേർന്നുനില്ക്കുന്ന വിശാല സുന്ദരമായ ആ പൂന്തോട്ടത്തിൽ ഞങ്ങൾ ചിറകു വിരിച്ചു പറക്കുന്ന പക്ഷികളെപ്പോലെ ഒരോ ഭാഗങ്ങളും ലക്ഷ്യമിട്ടു പറന്നു തുടങ്ങി. അതിമനോഹരമായ മഴനൃത്തങ്ങളും അതിലുപരി ഞങ്ങൾക്ക് സഹോദരിമാരുടെ സ്നേഹവും കരുതലും നല്കി മുതിർന്ന ജേഷ്ഠന്മാരേപോലെ ഞങ്ങളുടെ സഹപാഠികൾ ആ വലിയ ജനമിരമ്പുന്ന കൂട്ടത്തിൽ നിന്നും ഞങ്ങളെ നയിച്ചു.അതിനു ശേഷം നൃത്ത താളച്ചുവടുകളാൽ നിറഞ്ഞ സന്തോഷത്തോടെ ലോഡ്ജിലേക്ക് മടങ്ങി.സുഹൃത്തുക്കളോടൊപ്പം ദിനരാത്രങ്ങൾ അവസാനിപ്പിച്ചു.

രാവിലെ എട്ടരയോടെ ചരിത്രം മയങ്ങുന്ന മൈസൂരിൽ നിന്നും അതിസുന്ദരമായ നാട്ടു വഴികളിലൂടെ കൂർഗെന്ന ആ കൊച്ചു പട്ടണഗ്രാമത്തിലേക്ക് ഞങ്ങൾ യാത്രയായി.ബസ്സ് ഒന്ന് പതുക്കെ ബ്രേക്ക് ചവുട്ടി.എല്ലാവ

രും അത്ഭുതത്തോടെ പുറത്തേക്ക് നോക്കി. വീടുകളും മരങ്ങളും താഴ്ന്ന നിലങ്ങളും കുറേ ആട്ടിൻകൂട്ടങ്ങളുടേയും കാഴ്ചകൾ വളരെ വിസ്മയനീയമായിരുന്നു. പിന്നീട് ഞങ്ങൾ കണ്ടത് ഒരു തടാകമായിരുന്നു.അത് തികച്ചും ഒരു വ്യത്യസ്തമായ കാഴ്ചയായിരുന്നു. എല്ലാവരും മീനുകളുടെ വർണ്ണക്കാഴ്ചകൾ ക്യാമറയിൽ പകർത്തി സന്തോഷത്തോടെ അവിടെ നിന്ന് യാത്രയായി.

ബുദ്ധസിദ്ധാന്തങ്ങൾ ഒഴുകുന്ന സുവർണ്ണ ക്ഷേത്രത്തിലേക്കാണ് പിന്നീട് ഞങ്ങൾ പ്രവേശിച്ചത്.മൂന്ന് ബുദ്ധരൂപങ്ങൾ പ്രതിഷ്ഠിച്ചിരുന്ന ആ ക്ഷേത്രത്തിന്റെ വാതിലുകൾ മരത്തിൽ തീർത്ത മുത്തുകളാൽ അലംകൃതമായിരുന്നു.അവിടെ നിന്ന് ഉച്ചയൂണിനു ശേഷംഅതിമനോഹരവും വിശാ ലവുമായമുളങ്കാടുകളിലേക്കെത്തുകയാണ്.അവിടുത്തെ തൂക്കുപാലം വളരെയധികം പേടി സൃഷ്ടിച്ചെങ്കിലും ഏറെ രസകരമായിരുന്നു. മുള കൊണ്ടു നിർമ്മിക്കപ്പെട്ട ഇരിപ്പിടങ്ങളും കളിമണ്ണാൽ സൃഷ്ടിക്കപ്പെട്ട ഗ്രാമജീവിതത്തെ വിഷയയാക്കിയ ശിൽപ്പങ്ങൾ അങ്ങനെ ഒട്ടനവധി കാഴ്ചകൾ ഞങ്ങളെല്ലാവരും അത്ഭുതത്തോടെ നോക്കിക്കണ്ടു.അതിനു ശേഷം എല്ലാവരും അവിടെ ഉണ്ടായിരുന്ന കടകളിൽ നിന്ന് സാധനങ്ങൾ വാങ്ങാനായി ഉത്സാഹത്തോടെ ഓടി നടന്നു. മാത്രമല്ല അവിടെ രസകരവും ഭയാനകവുമായ പല സാഹസിക കളി വാഹനങ്ങളുമു

ണ്ടായിരുന്നു.

എല്ലാവരും കാത്തിരുന്ന കലാശക്കൊട്ടായിരുന്നു അടുത്തത്. 'ഡി ജെ ഹാങ്ങ് ഓവർ ' എന്നു വിളിപ്പേരിട്ട് കൈ-മെയ് മറന്നാടുന്ന പുത്തൻ നൃത്തച്ചുവടുകളാൽ എല്ലാവരും തകർത്താടി.ക്ഷീണിച്ച തളർന്ന എല്ലാവരും ഹോട്ടലിലേക്കു മടങ്ങി.ഒടുവിൽ എല്ലാറ്റിനേക്കാളും ആനന്ദംനൽകും വിധം ആ ദിവസത്തെ സുപ്രധാനമാക്കിക്കൊണ്ട് കൂട്ടുകാർ സി ബിയുടേയും അഭിയുടേയും പിറന്നാളാഘോഷം ഞങ്ങൾ കേക്കു മുറിച്ച് നിർവ്വഹിച്ചു.അങ്ങനെ ഒരിയ്ക്കലും മറക്കാനാവാത്ത ഓർമ്മകളുമായി ഞങ്ങളാ വസന്തത്തെ തൽക്കാലത്തേക്കു വെടിഞ്ഞു.

ട്രീസ സാനിയയും സംഘവും
പത്താം തരം ഇ

# ഭൂമിക്ക ഭീഷണിയായി...

നമ്മുടെ ചുറ്റുപാടുകളിൽ കണ്ടുവരുന്ന ഏറ്റവും ഉപയോഗമുള്ള ഒന്നാണ് പ്ലാസ്റ്റിക്കുകൾ. പ്ളാസ്റ്റിക്കുകൾ ഉപയോഗിക്കുന്നതു മൂലം നിരവധി ആരോഗ്യ പ്രശ്നങ്ങളും കൂടാതെ ഭൂമിയുടെ നിലനിൽപ്പിനും ഭീഷണിയായി തീരുന്നു.

നമ്മുടെ നഗരത്തിൽ ഏറ്റവും കൂടുതൽ ഉപയോഗമുള്ള ഒന്നാണ് പ്ലാസ്റ്റിക്കുകൾ. ഇതിന് നല്ലവശങ്ങളും ചീത്തവശങ്ങളും ഉണ്ട്. ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന ഒന്നാണ് പ്ലാസ്റ്റിക്കുകൾ എന്നാണ് ഇതിന്റെ പ്രധാന വസ്തുത. മനുഷ്യന്റെ ജീവിതത്തിലെ നിത്യോപയോഗ വസ്തുക്കളാണ് പ്ലാസ്റ്റിക് ബാഗുകൾ. ടിഫിൻ ബോക്സുകൾ, പ്ലാസ്റ്റിക്ക് ബോട്ടിലുകൾ തുടങ്ങിയവയിൽ കുട്ടികൾക്ക് ഉച്ച ഭക്ഷണം നൽകാൻ, സാധനങ്ങൾ സുരക്ഷിതമായി കവർ ചെയ്യുവാനും പ്ലാസ്റ്റിക്കുകൾ കൂടുതലായി ഉപയോഗപ്പെടുത്തുന്നു.

അതു മാത്രമല്ല, നിരവധി സൂപ്പർമാർക്കറ്റുകളിലും സാധനങ്ങൾ ശേഖരിച്ച ശേഷം അത് പായ്ക്ക് ചെയ്യുന്നത്

പ്ലാസ്റ്റിക്ക ബാഗുകളിലാണ്.

പ്ലാസ്റ്റിക്കുകൾക്ക് മണ്ണിലോ വെള്ളത്തിലോ ലയിച്ച് ചേരാനുള്ള കഴിവില്ല. അതിനാൽ അവ നശിപ്പിച്ച് കളയാൻ വളരെ ബുദ്ധിമുട്ടാണ്. അതിന് ഗവൺമെന്റ് ഒരുക്കിയ സംവിധാനമാണ് '4R use'. പുനരുപയോഗം, പുനർനിർമ്മാണം, പുനചംക്രമണം. ഈ മൂന്ന് രീതിയിലാണ് ഇവ ചെയ്യുന്നത്. പ്ളാസ്റ്റിക്കുകൾ കത്തിക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഭൂമിയുടെ ഓസോൺ പാളിയെ നശിപ്പിക്കുകയും ചെയ്യുന്നു. പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് വയ്ക്കുക. പിന്നീട് അതത് വ്യക്തികൾ വന്ന് ശേഖരിക്കുകയും അവർ അത് കൃത്യമായ സ്ഥലത്ത് എത്തിക്കുകയും ചെയ്യും.

നാം കഴിക്കുന്ന അജിനാമോട്ടോ അടങ്ങിയ വിഷാംശമുള്ള പദാർത്ഥങ്ങളിലും പ്ലാസ്റ്റിക്കുകൾ അടങ്ങിയിട്ടുണ്ട്.

ഇത്തരം പദാർത്ഥങ്ങളിലൂടെ കുട്ടികൾക്ക് അടക്കം കാൻസർ പോലുള്ള മാരകമായ അസുഖങ്ങൾ പിടിപെടും.

പ്ലസ്റ്റിാക്കുകൾ മൂന്ന് വിധത്തിൽ

ഉപയോഗപ്പെടുത്താം:

-പുനരുപയോഗം - നന്നായി കഴുകി ഉപയോഗിക്കാം (ഉദാഹരണം- കുപ്പികൾ, ബോക്സുകൾ)

-ഉപയോഗം കുറയ്ക്കുക – പ്ലാസ്റ്റിക്കുകളുടെ ഉപയോഗം പരമാവധി കുറയ്ക്കുക.

-പുനർനിർമ്മാണം - പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് വ്യക്തികൾക്കു നൽകണം.

പ്ലാസ്റ്റിക്കുകൾ കത്തിക്കരുത്. പുഴയിലേക്ക് വലിച്ചെറിയരുത്. മണ്ണിൽ കുഴിച്ചിടരുത്.

2017- ൽ ഗവൺമെന്റ് ഇറക്കിയ നിയമമാണ് പ്ലാസ്റ്റിക്കുകളുടെ ഉപയോഗം കുറയ്ക്കുക എന്നത്. അത് പൂർണമായും നിർത്തിയെങ്കിലും പിന്നീട് പഴയ അവസ്ഥയിലേക്ക് തിരിച്ചു വന്നു.

പ്ലാസ്റ്റിക്ക് ബാഗുകൾക്ക് പകരം തുണി കൊണ്ട് ഉണ്ടാക്കിയ കവറുകൾ, പേപ്പർ കൊണ്ട് ഉണ്ടാക്കിയ കവറുകൾ എന്നിവ ഉപയോഗിക്കുക. ഇത്തരത്തിൽ പ്ലാസ്റ്റിക്കുകളുടെ ഉപയോഗം കുറച്ചാൽ പൂർണമായും മലിനീകരണം കുറയ്ക്കാൻ ശ്രമിക്കാം. പ്ലാസ്റ്റിക്ക് ബാഗുകൾ പൂർണമായും ഇന്ന് നിർത്തലാക്കിയിട്ടും ആളുകൾ ഇന്നും

ഒരുപാട് ഉപയോഗിക്കുന്നു.

പ്ലാസ്റ്റിക്ക് ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്തിയാൽ ആരോഗ്യ പ്രശ്നങ്ങളും, ഭൂമിക്കുമേൽ നാം ഉണ്ടാക്കുന്ന ആപത്തുകളും ഒഴിവാക്കാൻ സാധിക്കും. പ്ലാസ്റ്റിക്കുകൾ പരമാവധി കുറച്ചു കൊണ്ട് പ്രകൃതിയെ സംരക്ഷിക്കാം. മനുഷ്യനും കുഞ്ഞു കുട്ടികൾക്കും നേരെയുള്ള ആക്രമണം കുറയ്ക്കാം. പ്ലാസ്റ്റിക്ക് നിർത്തലാക്കികൊണ്ട് സുന്ദരമായ ഭൂമിയെ പടുത്തുയർത്താം. ഏറ്റവും മനോഹരമായ ഭൂമിയെ അടുത്ത തലമുറയ്ക്കു നൽകാം.

പ്ലാസ്റ്റിക്കുകൾ പൂർണമായും ഉപേക്ഷിച്ചു കൊണ്ട് സുന്ദരമായ ഭൂമിക്കു വേണ്ടി നിലകൊള്ളാം. പ്ലാസ്റ്റിക്കിനെ തുരത്താം. നല്ല നാളേയ്ക്കായി പരിശ്രമിക്കാം



# മണ്ണിന്റെ മക്കൾ



കരിക്കാട് എന്ന ഒരു ഗ്രാമത്തിലെ നാല് കുട്ടികളാണ് ചന്തു, മേഘ, ചന്ദന, വിഗ്നേഷ് ഇവർ നാലുപേരും സുഹൃത്തുക്കളാണ്.അനാഥരായ ഇവർക്ക് അവരുടെ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അവർ കച്ചറകൾ പെറുക്കിയാണ് ജീവിതം മുന്നോട്ടു നീക്കിയത്. നഗരങ്ങളായ നഗരങ്ങൾ തോറും അവർ കച്ചറകൾ പെറുക്കിനടക്കും.അങ്ങനെയിരിക്കെ അവർ ഒരു നഗരത്തിൽ കച്ചറ പെറുക്കാൻ എത്തി. അപ്പോളാണ് അവരത് അറിഞ്ഞത്. മണ്ണിന്റെ മക്കളെന്ന അതിശ്രേഷ്ഠമായ പദ്ധതിയെ കുറിച്ച്. വിദ്യാർത്ഥികൾക്കായി ആവിഷ്കരിച്ച ഈ പദ്ധതിയുടെ ലക്ഷ്യം എന്നത് നമ്മൾ തിരഞ്ഞെടുക്കുന്ന പൊതുസ്ഥലം മൂന്ന് ആഴ്ച്ചത്തേക്ക് വൃത്തിയായി മാലിന്യ രഹിതമായി സൂക്ഷിക്കുക. ഏറ്റവും നന്നായി വൃത്തിയായി സൂക്ഷിക്കുന്ന കുട്ടിക്ക് ഒരു ലക്ഷം രൂപ സമ്മാനം ലഭിക്കും. ഇതറിഞ്ഞ ഉടനെ അവർ ഇതിൽ മത്സരിക്കുകയും വിജയിക്കുക്കയും ചെയ്തു. ഇതറിഞ്ഞ് സർക്കാർ അവരെ ഒരു സ്കൂളിൽ ചേർത്തു. അങ്ങനെ അവർ പഠിച്ച് നല്ല ഉദ്യോഗസ്ഥരായി. നാടിന്റെ നന്മയെ ലക്ഷ്യമാക്കി അവർ പ്രവർത്തനങ്ങൾ ചെയ്തു. ഇന്ന് അവരെ പുച്ഛിച്ചവരും ആക്ഷേപിച്ചവരും അവരെ ബഹുമാനിക്കുന്നു.

# മണ്ണിൽ വീഴാതിരുന്ന

# മഴത്തുള്ളി



മഴ പെയ്യുന്ന സമയത്ത്
ചെടികൾ പതുക്കെ ആടുന്നു
കളകളം കളകളം പെയ്യുന്നു
ഇടിമിന്നലോടെ മഴ പെയ്യുന്ന
സമയത്ത്,
അവ നിന്നു കത്തുന്നത് നിങ്ങൾ
കണ്ടിട്ടുണ്ടോ?
ഇന്നു ഭൂമി
മാലിന്യം നശിപ്പിച്ച ശവപ്പറമ്പ്.
പ്ലാസ്റ്റിക്ക് മൂലം
മണ്ണിലും മഴയിലും
വഴിയിലും റോഡിലും...
സ്ഥലമില്ല ഒന്നിനും സ്ഥലമില്ല!

# പാഴ് വസ്തുശേഖരണവും മാലിന്യ സംസ്കരണവും

മനുഷ്യനും പരിസ്ഥതിക്കും പരമാവധി ഉപദ്രവരഹിതമായ,മാലിന്യങ്ങൾഅഥവാപാഴവസ്ത്തുക്കളുടെശേഖരണ,വിനിമയ,സംസ്കരണം,മേൽനോട്ടം നടത്തൽ,നീക്കംചെയ്യൽ പുനരുപയോഗം അല്ലെങ്കിൽ നശിപ്പിക്കൽ എന്നിവയും അവയെ യഥാവിധി കൈകാര്യം ചെയ്യുന്നതുമാണ് മാലിന്യസംസ്കരണം എന്നതു കൊണ്ട് അർഥമാക്കുന്നത്.

ഇന്ന് നാടിനും,വീടിനും,ഭൂമിക്കും,ജീവനും തന്നെ ഭീഷണിയായി കൊണ്ടിരിക്കുകയാണ് മാലിന്യങ്ങൾ അഥവാ പാഴ് വസ്ത്തുക്കൾ. മാലിന്യങ്ങൾ ഏറ്റവും പ്രധാനമായി രണ്ടു വിഭാഗങ്ങളായി വേർതിരിക്കാം.രാസമാലിന്യങ്ങൾ,പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ.ഇതിൽ ഏറ്റവും ഭീഷണി പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ തന്നെയാണ്.ഇവ ശരിയായ രീതിയിൽ സംസ്കരിച്ചില്ലെങ്കിലതു ഭൂമിക്ക് ദോഷം ചെയ്യും.

ഈ കാലത്ത് രാസ മാലിന്യങ്ങൾ സംസ്കരിക്കാൻ കുറെ വഴികളുണ്ട്. കമ്പോസ്റ്റിങ്ങ്, ബയോഗ്യാസ് എന്നിങ്ങനെ.രാസ മാലിന്യങ്ങൾ മണ്ണിൻ കുഴിച്ചിട്ടാലും രണ്ട് ദിവസത്തിനകം അത് മണ്ണിലേക്കലിയും.എന്നാൽ ഇന്ന് സ്ഥലപരിമിതിയും ആളുകളുടെ ജോലിതിരക്കുകളും കാരണം ആർക്കും ഇങ്ങനെ രാസമാലിന്യങ്ങൾ സംസ്കരിക്കുവാൻ കഴിയില്ല.എളുപ്പത്തി നായി അവർ റോഡുകളിലും മറ്റും മാലിന്യങ്ങൾ വലിച്ചെറിയുന്നു.ഇങ്ങനെ ശരിയായ രീതിയിൽ മാലിന്യങ്ങൾ സംസ്കരിക്കാത്തതുകൊണ്ടുതന്നെയാണ് ഇന്ന് ഈ ഭൂമി പകുതിയും മാലിന്യ കുമ്പാരമായി മാറി കഴിഞ്ഞത്.

ഇന്ന് മനുഷ്യർക്കിടയിൽ ഒട്ടും ഒഴിച്ചു കൂടാൻ പറ്റാത്ത ഒന്നായി പ്ലാസ്റ്റിക്ക് മാറി കഴിഞ്ഞിരിക്കുന്നു.ഏതാവശ്യങ്ങൾക്കും നാം പ്ലാസ്റ്റിക്കിനെ ആശ്രയിക്കുന്നു.ഉപയോഗം കഴിഞ്ഞാൽ നാം ബോധമില്ലാത്ത അവയെ വലിച്ചെറിഞ്ഞു കളയുന്നു.എന്നാൽ ഒരിക്കലും മണ്ണിൽ അലിഞ്ഞു ചേരാത്ത ഒന്നാണ് പ്ലാസ്റ്റിക്ക്.നാം ഇന്ന് ഉപയോഗിച്ച് കളയുന്ന പ്ലാസ്റ്റിക്ക് വസ്ത്തുക്കൾ എട്ടോ പത്തോ നൂറ്റാണ്ടു കഴിഞ്ഞാലും അത് അവിടെ തന്നെ കിടക്കും.പ്ലാസ്റ്റിക്ക് മണ്ണിന്റെ വളക്കുർ കുറക്കുകയും ചെയ്യുന്നു.ഇന്ന് മാലിന്യങ്ങൾ ഇത്ര പെരുകാൻ കാരണം അമിതമായ പ്ലാസ്റ്റിക്ക് ഉപയോഗവും മാലിന്യങ്ങൾസംസ്കരിക്കുമ്പോൾപ്ലാസ്റ്റിക്ക്, രാസ മാലിന്യം എന്നിങ്ങനെ വേർതിരിക്കാതെ

സംസ്കരിക്കാത്തതുമാണ്.പ്ലാസ്റ്റിക്ക് കുറയ്ക്കുക,പ്ലാസ്റ്റിക്കിന്റെ ഉപയോഗം കഴിഞ്ഞാൽ വലിച്ചെറിയാതെ'4R'കൾ അനുസരിക്കുക.

"REDUCE,REFUSE,RECYCLE."

ശരിയായ രീതിയിൽ പ്ലാസ്റ്റിക്ക്, രാസമാലിന്യങ്ങൾ എന്നിങ്ങനെ വേർതിരിച്ച് സംസ്കരിക്കുക.രാസമാലിന്യങ്ങൾ മണ്ണിലേക്ക് അലിയിപ്പിക്കുക,കമ്പോസ്റ്റ് എന്നീ രീതികളിൽ സംസ്കരിക്കുക.

നഹാൻ പർവ്വിൻ
ക്ലാസ്സ് 9 ഇ



## മാമ്പഴക്കാലത്തിന്റെ

## വേനൽ സ്മരണ



നാട്ടുമാമ്പഴങ്ങൾ
നാടുവിട്ട്
നഗരങ്ങളിൽ
കുടിപാർത്തു
തുടങ്ങിയിരിക്കുന്നു.

ആരും ഞെടിയ്ക്കാത്ത
മാമ്പഴം തേടി
തത്തയും മൈനയുമെന്റെ
അയല്പക്കത്തെ
വീട്ടിൽ
സ്ഥിരതാമസക്കാരായിരിയ്ക്കുന്നു.

അതാണെന്നും
നേരം തെറ്റിയ
നേരത്തുപോലും
പേരറിയാക്കിളികളുടെ
തോരാത്ത
വർത്തമാനങ്ങളാണിവിടെ.

ജനൽ ശീല
തുറന്നു
നോക്കുവാൻപോലും
തോന്നാത്ത
വിധത്തിൽ

പുകയുന്നോരുഷ്ണച്ചൂടിൽ ഇരുട്ടിൽ
ഞാനവയുടെ ഉന്മാദമറിയുകയായിരുന്നു...

എനിയ്ക്ക് കാണാം
പുറത്തവയുടെ ചിറകടിയുടെ
താളങ്ങളുത്സവങ്ങൾ



മതിലായ മതിലൊക്കെ
ചുറ്റിക്കറങ്ങി
ചിറിനക്കി,
മാമ്പഴക്കാലത്തിന്റെ
മദിരോത്സവത്തിലാണവറ്റകൾ.

കാലത്തിന്റെ മറുകരയിലേയ്ക്ക്
നീളുന്ന,
കാത്തിരുപ്പിന്റെ
കരുതലിന്റെ
ആണ്ടൊടുവിലത്തെ
രുചിയേൽക്കയാണവ...

**അജിത ടി ജെ**
**അദ്ധ്യാപിക**

# ജനനീതി



വായുവും മണ്ണും ജലവും മലിനപ്പെടുത്തി ജീവിതം നരകതുല്യമാക്കി തീർത്ത മാലിന്യ സംസ്കരണ പ്ലാന്റിനെതിരേ വർഷങ്ങൾ നീണ്ട പോരാട്ടത്തിലാണ് ബ്രഹ്മപുരത്തെ ജനങ്ങൾ. എന്നാൽ ഈ ജനകീയ പ്രതിഷേധം വകവെയ്ക്കാതെ,അവരുടെ ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിടാനുള്ള പുതിയ പദ്ധതിയുമായി അധികൃതർ മുന്നോട്ട് നീങ്ങുന്നതാണ് ബ്രഹ്മപുരത്തെ ജനങ്ങളെ ഇപ്പോൾ കൂടുതൽ ഭയപ്പെടുത്തുന്നത്. ബ്രഹ്മപുരം മാലിന്യസംസ്കാര പ്ലാന്റിൽ നിന്നും വൈദ്യുതി ഉത്പാതിപ്പിക്കാനുള്ള കൊച്ചി നഗരസഭയുടെ നീക്കമാണ് ഇപ്പോൾ പുതിയ പ്രശ്നങ്ങൾക്ക് കാരണമായിരിക്കുന്നത്. വൈദ്യുതി ഉത്പ്പാദനം കൂടി

ലക്ഷ്യമിട്ട് നിലവിലെ പ്ലാന്റിനെ ആധുനികവത്കരിക്കാനൊരുങ്ങുകയാണ് നഗരസഭ. ഇതോടെ എറണാകുളം ജില്ലയ്ക്ക് പുറത്തു നിന്നുകൂടി മാലിന്യങ്ങൾ ഇങ്ങോട്ടു കൊണ്ടുവരും. 2008-ൽ സ്ഥാപിച്ച നിലവിലെ പ്ലാന്റ് തന്നെ ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതുകൊണ്ട് നാടാകെ മാലിന്യത്തിന്റെ തിക്തഫലം അനുഭവിക്കുകയാണ്. അതിൻെ കൂടെയാണ് മറ്റു ജില്ലകളിൽ നിന്നുകൂടി മാലിന്യങ്ങൾ ഇങ്ങോട്ട് കൊണ്ടുവരാൻ തീരുമാനിച്ചിരിക്കുന്നത്. ഇതോടെ ഇപ്പോൾ അനുഭവിക്കുന്നതിനേക്കാൾ കൂടുതൽ ദുരിതങ്ങളായിരിക്കും തങ്ങൾക്ക് നേരിടേണ്ടി വരികയെന്നാണ് ജനങ്ങൾ പറയുന്നത്.

നിലവിൽ ബ്രഹ്മപുരത്തെ മാലിന്യസംസ്കരണ പ്ലാന്റിൽ 175-ടൺ മുതൽ 225-ൺ വരെ മാലിന്യമാണ് ദിനം തള്ളുന്നത്. അങ്കമാലി, കളമശേരി, ആലുവ,തൃക്കാകര, വടവുകോട്, പുത്തൻ കുരിശ് എന്നീ പഞ്ചായത്തു കളിൽ നിന്നും ദിവസേനെ മാലിന്യ ലോഡുകൾ എത്തുന്നുണ്ട്. പുതിയ പ്ലാന്റ് വരുന്നതോടെ കൊച്ചി നഗരഭ മാത്രം ദിനംപ്രതി 300-ടൺ മാലിന്യങ്ങൾ നൽകണമെന്നാണ് നിബന്ധന. ഇങ്ങനെ വരുമ്പോൾ ബ്രഹ്മപുരത്തേക്ക് നിലവിൽ

വരുന്നതിന്റെ ഇരട്ടി മാലിന്യങ്ങൾ എത്തും. ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ് വരുന്നതോടെ കൊച്ചി ഉൾപ്പെടെയുള്ള നഗരസഭകൾക്ക് ആശ്വാസമായിരിക്കാം. പക്ഷെ തങ്ങളുടെ ജീവിതം നരകതുല്യമാകുമെന്നാണ് ബ്രഹ്മപുരം നിവാസികൾ ആശങ്ക പങ്കുവെയ്ക്കുന്നത്. നാടിനും ജനങ്ങൾക്കും ഒരുപോലെ വെല്ലുവിളിയുയർത്തുകയാണ് നിലവിലെ മാലിന്യസംസ്കരണ പ്ലാന്റ്. 2008-ൽ സ്ഥാപിച്ച ഈ പ്ലാന്റിനെതിരെ കഴിഞ്ഞ പത്തു വർഷമായി ഇവിടുത്തുകാർ നിയമ പോരാട്ടംഅടക്കം നടത്തി വരുകയാണ്. ശരിയായ രീതിയിൽ പ്രവർത്തിക്കാത്ത പ്ലാന്റിൽ മാലിന്യം കുമിഞ്ഞ് കൂടുന്നത് ജനങ്ങളുടെ ജീവന് വലിയ ഭീഷണിയാണ്. ഇത് ഗൗരവത്തിൽ എടുക്കാതെയാണ് ഇപ്പോൾ മാലിന്യത്തിൽ നിന്നും വൈദ്യുതി ഉത്പാതിപ്പിക്കാനുള്ള പദ്ധതി മുന്നോട്ടു വച്ചിരിക്കുന്നതെന്നാണ് പരാതി.

പലർക്കും ആരോഗ്യപ്രശ്നങ്ങളാണ്. വെള്ളം എല്ലാം മലിനമാകുന്നു. ജീവിക്കാൻ തന്നെ രക്ഷയില്ലാത്ത അസ്ഥയിലേക്കാണ് നിലവിൽ ജീവിതങ്ങൾ. അതിന്റെ രൂക്ഷത കൂട്ടാനാണ് അധികാരികളുടെ പുതിയ പുറപ്പാട് എന്നാണ് ബ്രഹ്മപുരം നിവാസികൾ പറയുന്നത്. സമരം ചെയ്തും, നിയമ സഹായം തേടിയും ഒരുപാട് ശ്രമിച്ചു നോക്കി.

പക്ഷെ തങ്ങൾക്ക് മാത്രം തോൽക്കാനാണ് വിധി, അവർ ദൈന്യതയോടെ പറയുന്നു.

" മാറാവ്യാധികൾക്കു നടുവിലാണ് ഇവിടുത്തെ മനുഷ്യർ ജീവിക്കുന്നത്. ജീവനുതന്നെ ഭീഷണിയായേക്കാവുന്ന സാഹചര്യങ്ങൾക്ക് നടുവിലാണെങ്കിലും ഗതികേടുകൊണ്ട് ഇവിടെത്തന്നെ ജീവിക്കേണ്ടി വരികയാണ്. മാലിന്യസംസ്കരണ പ്ലാന്റ് വരുന്നതിനെതിരെ കഴിയുന്ന രീതിയിലൊക്കെ ഞങ്ങൾ പ്രതിഷേധിച്ചിരുന്നു. പക്ഷേ ഒന്നിനും ഫലമുണ്ടായില്ല. സർക്കാർ എന്താണോ തീരുമാനിച്ചത് അതു തന്നെ നടപ്പിലാക്കപ്പെട്ടു. ഇന്ന് ഞങ്ങളുടെ വീടുകളിൽ പല തരത്തിലുള്ള കൊതുകുകളും തടിയൻ ഈച്ചകളും കൊണ്ട് നിറഞ്ഞിരിക്കുന്നു. രോഗം പരത്തുന്ന ഇവയെ നിയന്ത്രിക്കുന്നതിന് ഒരിടത്തു നിന്നു യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഞങ്ങളെ കൊന്നുകളയുന്ന മാലിന്യ സംസ്കരണ പ്ലാന്റ് ഇവിടെ നിന്നു മാറ്റിയാലേ എല്ലാത്തിനും പരിഹാരമാകൂ. കുടിവെള്ളത്തിന് കിണറുണ്ടെങ്കിലും പൈപ്പു വെള്ളത്തെയാണ് ഞങ്ങൾ ആശ്രയിക്കുന്നത്. കാരണം കിണറുകൾ എല്ലാം മലിനമാണ്. കുഞ്ഞു കുട്ടികളും പ്രായമായവരും ഉൾപ്പെടെയുള്ളവർ മാറാരോഗത്തിന്റെ ഭീഷണിയിലാണ്."

മാലിന്യം വളമാക്കി മാറ്റുന്ന പ്രക്രീയയാണ് പ്ലാന്റിൽ നടക്കുന്നത്.45 ദിവസത്തോളം മാലിന്യങ്ങൾ കിടന്ന് അത് ഉണങ്ങിയ ശേഷമാണ് പ്രോസസിങ്ങ് നടത്തുന്നത്.പോരാത്തതിന് ശേഷിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം അവിടെ വച്ച് തന്നെ കത്തിക്കും.പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചതോടെ സമീപത്തു നിന്നും 54 -ഓളം കുടുംബങ്ങളെയാണ് ഒഴിപ്പിച്ചത്. പ്ലാസ്റ്റിക്ക് കത്തിച്ചതിനെ തുടർന്ന് പ്രദേശവാസികൾക്ക് ശ്വാസം മുട്ട് അനുഭവപ്പെട്ടതിനെ തുടർന്ന് അവടെ സമീപത്തുള്ള സർക്കാർ സ്കൂളിലേക്ക് മാറ്റിപ്പാർപ്പിച്ചിരുന്നു.

പ്ലാസ്റ്റിക്കിനേക്കാൾ മാരകമായ ക്യാൻസർ ഭൂമുഖത്തിനു വന്നു ചേരാനില്ല.ഒരു നാടിന്റെ നേർ സാക്ഷ്യം അവതരിപ്പിച്ച കൊണ്ട് ഈ വിഷയത്തിൻമേൽഗൗരവമായ തീരുമാനമെടുക്കാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു എന്നു ചിന്തിക്കുവാൻ കൂടി ഇത് ഉതകണമെന്നും ആഗ്രഹിക്കുന്നു.

പ്രതീക്ഷാലാൽ വി പി

പത്താം തരം - ഡി

# തൊട്ടാവാടി



ഒന്ന് തൊട്ടാൽ പോരും,
വസന്തത്തിന്റെ
സർവ്വ സൌരഭ്യവും പാറ്റി,
ത്രസിക്കാതെ ത്രസിച്ച്,
എന്നിൽ കൂമ്പി വിരിയുന്ന
നീ...

കാലങ്ങളായെന്റെ
വഴികളിൽ
നിത്യയൌവനത്തിന്റെ
മുള്ളുകൊണ്ട്
ഇടനെഞ്ചുഴിഞ്ഞ്,
ഒരിക്കലുമുണങ്ങാത്ത തിരുമുറിവാൽ
ഉള്ള ചുവപ്പിച്ച്,
ഒരുന്മാദിനിയെപ്പോലെ
കൂമ്പി വിടരുന്ന നീ...

**അജിത ടി ജെ**
**അദ്ധ്യാപിക**



# പാഴ് വസ്തു ശേഖരണം ഒരാമുഖം



മനുഷ്യനും പരിസ്ഥിതിക്കും പരമാവധി ഉപദ്രവരഹിതമായി,മാലിന്യങ്ങൾ അഥവാ പാഴ് വസ്തുക്കളുടെ ശേഖരണം, വിനിമയം, സംസ്കരണം മേൽനോട്ടം നടത്താൻ, നീക്കം ചെയ്യാൻ പുനഃരുപയോഗം അല്ലെങ്കിൽ നശിപ്പിക്കൽ എന്നിവയും അവയെ യഥാവിധികൈകാര്യം ചെയ്യലും ആണ് പാഴ് വസ്തു കൈകാര്യം അഥവാ മാലിന്യസംസ്കരണം എന്നതുകൊണ്ട് അർഥമാക്കുന്നത്. മനുഷ്യന്റെ പ്രവർത്തനഫലമായി ഉല്പാദിപ്പിക്കപ്പെടുന്ന വസ്തുക്കളുമായി ബന്ധപ്പെട്ടാണ് പാഴ് വസ്തു കൈകാര്യം അല്ലെങ്കിൽ വേയ്സ്റ്റ് മാനേജ്മെന്റ് എന്ന വാക്ക് ഉപയോഗിക്കാറ്. മനുഷ്യന്റെ ആരോഗ്യത്തേയും അവന്റെ പരിതസ്ഥിതിയേയും ഇതിന്റെ ആഘാതത്തിൽ നിന്ന് കുറയ്ക്കുക എന്നതും പാഴ് വസ്തു കൈകാര്യത്തിന്റെ ഭാഗമാണ് .

കൂടാതെ പാഴ് വസ്തുക്കളിൽ നിന്ന് ഉപയോഗപ്രദമായത് വീണ്ടെടുക്കുക എന്നതും പാഴ് വസ്തു കൈകാര്യം എന്നതിന്റെ കീഴിൽ വരുന്നു. ഖരം, ദ്രാവകം, വാതകം, റേഡിയോ ആക്ടിവ്, സംയുകതങ്ങൾ എന്നീ പാഴ് വസ്തുക്കളുടെ വിവിധരീതിയിലുള്ള കൈകാര്യങ്ങൾ ഈ വിഷയത്തിനു കീഴിൽ വരുന്നുണ്ട്.

-- സാനിയ ജോർജ്ജ്

# MATHEMATICAL RHYMES

"Maths in the day"
"Maths in the night"
"Maths in the evening that's alright"
"We work hard at our Maths"
"Then go and have our lunch"

"As I was going to stives"
"I met a man with seven wives"
"Every wife had seven sacks"
"And every cats seven kittens"
"Kittens; cats; sacks and wives"

**"How many were going to stives".**

# ഖര മാലിന്യ സംസ്കരണവും പുനഃചംക്രമണവും

മനുഷ്യനും പരിസ്ഥിതിക്കും പരമാവധി ഉപദ്രവരഹിതമായി മാലിന്യങ്ങൾ അഥവാ പാഴ്വസ്തുക്കളുടെ ശേഖരണം ,സംസ്കരണം ,നീക്കംചെയ്യൽ ആണ് മാലിന്യ സംസ്കരണം എന്നതുകൊണ്ട് അർഥമാക്കുന്നത്.

ഇന്ന് കേരളീയരായ നമ്മൾ ഏറ്റവുമധികം നേരിടുന്ന പ്രശ്നങ്ങളിൽ ഒന്നാണ് മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കാൻസാധിക്കാത്തത് എന്നത്.മാലിന്യങ്ങൾ സംസ്കരിക്കാൻ വൻപദ്ധതികൾ നമ്മുടെ നാട്ടിലുണ്ടെങ്കിലും അത് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. മാലിന്യം എന്ന പ്രശ്നം പരിഹരിക്കാൻ നിർമ്മിതമായ പല മാലിന്യ സംസ്കരണ പ്ലാന്റുകളും ഈ നാട്ടിൽ ഇന്ന് പ്രവർത്തനരഹിതമാണ്.

മാലിന്യങ്ങൾ പല രീതിയിലുള്ളവയുണ്ട്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ , രാസമാലിന്യങ്ങൾ ,ഇലക്ട്രോണിക്കിസ് ഉൽപന്നങ്ങളുടെ മാലിന്യം അതായത് അവയുടെ അവശിഷ്ടങ്ങൾ എന്നിവ. ഇവയാണ് ഭൂമിയ്ക്കും അതുപോലെ തന്നെ മറ്റു ജീവജാലങ്ങൾക്കും ഏറ്റവും ആപത്കരമായത്. ജൈവമാലിന്യങ്ങൾ മണ്ണിലലിഞ്ഞു ചേരുന്നതുകൊണ്ട് ഒരു പ്രശ്നവും സൃഷ്ടിക്കുന്നില്ല , നമ്മുടെ ഭൂമിയുടെ നിലനിൽപ്പിനു തന്നെ ഭീഷണിയായ വസ്തു

ക്കളാണ് പ്ലസ്റ്റിക്കും മറ്റും. ഇത്തരത്തിലുള്ള വസ്തുക്കൾ ഉപ
യോഗിക്കാതിരിക്കുക എന്നതു മാത്രമാണ് ഇതിനൊരു
പോംവഴി.അഥവാ നാം ഇത്തരത്തിലുള്ള വസ്തുക്കൾ ഉപ
യോഗിക്കാതിരിക്കുക. പ്ലാസ്റ്റിക്ക് പോലുള്ള പാഴ്വസ്തു
ക്കൾ ഉപയോഗ പ്രദമായ വസ്തുക്കളായി മാറ്റുന്ന രീതി
യിൽ നാം പരിശീലിക്കേണ്ടത് അത്യാവശ്യമാണ്.

നാം മാലിന്യങ്ങൾ ഉപയോഗപ്രദമായ
രീതിയിൽ സംസ്കരിച്ചാൽ ഒരുപോലെ അതു നമുക്കും
ഭൂമിയ്ക്കും നന്മ ചെയ്യും. നാം നമ്മുടെ ഭൂമിയെ സംരക്ഷിക്ക
ണം. ഭൂമിയാണ് നമ്മുടെ ജീവൻ. ഭൂമിയിലെങ്കിൽ
മനുഷ്യനുണ്ടകുമായിരുന്നില്ല .

# മാലിന്യസംസ്കരണവും നവകേരളവും

ഇന്നത്തെ കേരളം നേരിടുന്ന ഒരു ഗുരുതരമായ പ്രശ്നമാണ് മാലിന്യ നിർമ്മാർജ്ജനം. ഈ മാലിന്യങ്ങൾ പ്രകൃതിക്കും മനുഷ്യനും ഹാനികരമല്ലാത്തരീതിയിൽ നിർമാർജ്ജനം ചെയ്യേണ്ടത് അനിവാര്യമാണ്. ഉചിതമായ രീതിയിൽ സംസ്കരിച്ചില്ലെങ്കിൽ അത് വരും തലമുറയ്ക്കുകൂടി ഗുരുതരമായ വിപത്തുകളുണ്ടാകും. പ്രളയാനന്തര കേരളം നെരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയും അത് തന്നെ. മനുഷ്യർ തന്നെ പ്രക്രുതിയിലേക്ക് വലിച്ചെറിഞ്ഞ മാലിന്യങ്ങൾ പ്രളയത്തിലൂടെ പ്രകൃതി നമുക്ക് തന്നെ തിരിച്ചുനല്കി. മാലിന്യസംസ്കരണം കാര്യഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ട വിഷയം തന്നെയാണ്. ഏറ്റവും മോശമായ രീതിയിലാണ് ഇന്ന് കേരളത്തിന്റെ അവസ്ഥ. വൃത്തിയും വെടിപ്പുമുള്ള ഹരിതാദയായ കേരളം ഉത്തരവാദിത്വബോധമുള്ള ജനതയുടെ പങ്കാളിത്തത്തോടെ വാർത്തെടുക്കലാണ് മാലിന്യസംസ്കറണം കൊണ്ട് ലക്ഷ്യമാക്കുന്നത്.

പ്രളയത്തിനുശേഷം നമ്മുടെ നാട്ടിലടിഞ്ഞ മാലിന്യങ്ങളും അതുകൂടാതെ നാം അനുദിനം വലിച്ചെറിയുന്ന മാലിന്യങ്ങളും കൊണ്ട് ഒരു വലിയ മാലിന്യക്കൂമ്പാരം തന്നെ സംസ്ഥാനത്ത് പലയിടങ്ങളിലും കാണാൻ സാധിക്കും.മലകൾക്കുപകരം മാലിന്യങ്ങളുടെ മലയാണ് ഇന്ന് കേരളത്തിലുള്ളത് ഈ മാലിന്യങ്ങളെ മനുഷ്യർക്കും പ്രകൃതിക്കും ഹാനികരമല്ലാത്ത രീതിയിൽ സംസ്കരിക്കേണ്ടത് അത്യാവശ്യമാണ്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ, ജൈവ മാലിന്യങ്ങൾ,ഇലക്ട്രോണിക്ക് മാലിന്യങ്ങൾ എന്നിവയെല്ലാം തന്നെ വേർതിരിച്ച് സംസ്കരിക്കണം. ഇവയെല്ലാം കുന്നുകൂടി കിടന്നാൽ ഇവയിൽ നിന്നുമെല്ലാം വരുന്ന വിഷവാതകങ്ങൾ കൊണ്ട് പല ആരോഗ്യപ്രശ്നങ്ങളും മറ്റും ഉണ്ടാവാൻ സാധ്യതയുണ്ട്. ഇവയെല്ലാം

സംസ്കരിക്കേണ്ട ശാസ്ത്രീയരീതിയാണ് ഇന്ന് അവലംബിക്കേണ്ടത്.

പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വെറുതെ കത്തിച്ചുകളഞ്ഞാൽ ഡയോക്സിൻ എന്ന വിഷവാതകം ഉണ്ടാകുന്നു. ഇതുപോലെതന്നെ ഇലക്ട്രോണിക്ക് മാലിന്യങ്ങളിൽ നിന്നുള്ള വിഷവാതങ്ങൾ മണ്ണിലമിയുകയും മണ്ണിന്റെ ആന്തരികഘടനയെ മാറ്റിമറിക്കുകയും ചെയ്യും. കൂടാതെ മനുഷ്യനും പ്രകൃതിക്കും തന്നെ ഭീഷണി ഉയർത്തുകയും ചെയ്യുന്നു. ലോകത്ത് ഒരു ദിവസം 1.46 ലക്ഷം ടൺ ഇലക്ട്രോണിക് മാലിന്യമാണ് പുറംതള്ളപ്പെടുന്നത്. ഇതുകോണ്ടുതന്നെ ഇലക്ട്രോണിക് മാലിന്യങ്ങൾ ഉയർത്തുന്ന വെല്ലുവിളികളും കൂടുതലാണ്.നൂതന സാങ്കേതിക വിദ്യകൾ ഇലക്ട്രോണിക് മാലിന്യ സംസ്കരണത്തിൽ വികസിക്കേണ്ടത് അതിവാര്യമാണ്. കേരളത്തെ മാലിന്യങ്ങളുടെ സ്വന്തം നാടാക്കി മാറ്റാൻ അനുവദിക്കരുത്. പ്ലാസ്റ്റിക്ക് മാലിന്യങ്ങളെ പുതിയ മൂല്യവർധിത ഉൽപ്പന്നങ്ങളായി മാറ്റാം . ജൈവമാലിന്യങ്ങളെ ബയോഗ്യാസ് പ്ലാന്റിലൂടെ നല്ല ഇന്ധനമാക്കി മാ റ്റാം. അല്ലെങ്കിൽ ഒരു കംപോസ്റ്റ കുഴി കുത്തി ഫലപ്രദമായ ഒരു ജൈവ

വളമാക്കി മാറ്റാം. പൊതുസ്ഥലങ്ങളിൽ മാലിന്യം കുന്നുകൂടികിടക്കാുനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കരുത്. പ്ലാസ്റ്റീക്കിനു പകരം ചോളത്തിൽ നിന്നുമൊക്കെ വേർതിരിച്ചെടുക്കുന്ന സ്റ്റാർച്ച് കൊണ്ട് ബയോപ്ലാസ്റ്റിക്കുകൾ ഉപയോഗിക്കാം. അങ്ങനെ നമുക്ക് മാലിന്യങ്ങളെ ഉചിതമായ രീതിയിൽ സംസ്കരിക്കാൻ പഠിക്കാം നവകേരള നിർമ്മിതിക്കായുള്ള ശ്രമങ്ങൾ തുടരുന്നു.ഊ സാഹചര്യത്തിൽ ജനങ്ങൾ ഇത്തരം ചില രീതികൾ സ്വീകരിച്ചാൽ കേരളം മറ്റുള്ളവർക്കു മുന്നിൽ മാലിന്യ സംസ്കരനത്തിൽ ഒരു നല്ല മാതൃകയായി തീരും.മാലിന്യ രഹിത സംസ്ഥാനത്തേ ആരേഗ്യമുള്ള ജനതയുണ്ടാവൂ.

## കടലാസ്സ പൂക്കളുടെ വർണ്ണക്കാഴ്ചകൾ ഒരുക്കി...

## - റോസ് മേരി



## വിരൽ തുമ്പിലെ വിസ്മയം - സഞ്ജയ് പി ഷാജി





# MATHEMATICAL FUNS

Teacher:Is seven an even number?

Abhinav:Yes madam

Teacher:What non-sense!how can you say that 7 is even?

Abhinav:If we remove the letter 's' from seven ,it would become even.

Man:Is this the tourist and ticket booking centre?

Booking:Yes,sir centre

Man:Could you tell me the time difference between Delhi and Washington?

Booking:Just a second sir

Man:Thank you (And puts down the receiver)

I$^{st}$ boy:I got 50 paise from the floor

II$^{nd}$boy:That is my money.my 50 paise fell on this floor

I$^{st}$boy:But i got 25 paise from the floor

Ii$^{nd}$boy:My coin must have broke

# ഉന്നത വിജയത്തിന്റെ നക്ഷത്ര തിളക്കവുമായി...
















# ദേവനാഗിരീ ലിപിയിലെ സംസ്കൃതീയങ്ങൾ...

## സംസ്കൃതോത്സവം കലാ-പ്രതിഭകൾ



# വിദ്യാരംഗം കലാ-സാഹിത്യ വേദി - സർഗ്ഗ വിസ്മയങ്ങൾ തീർത്ത കലാപ്രതിഭകൾ....



# ഉർവ്വരതയുടെ സംഗീതം
# മണ്ണിനെ പ്രണയിച്ച് മക്കൾ...















